**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **17-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഐ.ഡി.സി യുടെ മെഗാ ഫുഡ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലെപ്മെന്റ് കോർപറേഷന്റെ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത പദ്ധതി നിരാകരിക്കുന്നതിന് മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസിംഗിന്റെ അനുമതിക്കായി കെ.എസ്.ഐ.ഡി.സി. കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി നിരാകരിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി നിരാകരിക്കുന്നതിന് കെ.എസ്.ഐ.ഡി.സി അനുമതി വാങ്ങിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സിയുടെ അപേക്ഷ MoFPI അംഗീകരിച്ചുകൊണ്ടുള്ള അവരുടെ ടെക്നിക്കൽ കമ്മിറ്റി ചേർന്ന മിനിറ്റിന്റെ പകർപ്പ് അനുബന്ധം-1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക ലാപ്സായി പോകാതിരിക്കാൻ വൈപ്പിൻ, തോപ്പുംപടി പ്ലാന്റിന്റെ നിലവിലെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനായി ഡയറക്ടർ, ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത് നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | അനുമതി ലഭ്യമായിട്ടുണ്ട്, വൈപ്പിൻ തോപ്പുംപടി പ്ലാന്റുകളിൽ വർദ്ധിച്ച ശേഷിയോടെ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ഡി) | മെഗാ ഫുഡ് പാർക്ക് പദ്ധതിയിൽ നിന്ന് മുനമ്പം ഫിഷിംഗ് ഹാർബറിനെ ഒഴിവാക്കാനുള്ള തീരുമാനം പുന:പരിശോധിക്കുന്നതിനായി സ്ഥലം എം.എൽ.എ. 14.07.2025 ന് ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയിരുന്നതും തുടർനടപടി സ്വീകരിക്കുന്നതിനായി കെ.എസ്.ഐ.ഡി.സിക്ക് കൈമാറുകയും ചെയ്ത കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (ഡി) | മുനമ്പത്തെ പിപിസി ഫിഷറീസ് ഹാർബറിന്റെ ഭൂമിയിൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും കാലതാമസം നേരിട്ടതിനാൽ വൈപ്പിനിലെയും തോപ്പുംപടിയിലെയും പിപിസികളുടെ ശേഷി വർദ്ധിപ്പിച്ചുകൊണ്ട് മുനമ്പത്തെ നിർദ്ദിഷ്ട പിപിസി ഉപേക്ഷിക്കുന്നതിനുള്ള അനുമതി തേടി കെ.എസ്.ഐ.ഡി.സി MoFPI -ക്ക് ഒരു അഭ്യർത്ഥന സമർപ്പിച്ചു. ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) ഈ അഭ്യർത്ഥന അംഗീകരിച്ചു, മുനമ്പം പിപിസിയെ പദ്ധതിയുടെ പരിധിയിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ഒഴിവാക്കാൻ അനുവദിച്ചു. MoFPI യുടെ നിർദ്ദേശപ്രകാരം വൈപ്പിനിലെയും തോപ്പുംപടിയിലെയും പിപിസി യുടെ പദ്ധതി പുരോഗമിച്ചുവരുന്നുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച 75 സെന്റ് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ഇ) | മുനമ്പത്ത് തുടങ്ങാൻ ഉദ്ദേശിച്ച പദ്ധതി ഉപേക്ഷിച്ചതിനാൽ മേൽപ്പറഞ്ഞ 75 സെന്റ് സ്ഥലം ഏറ്റെടുക്കലുമായി കെ.എസ്.ഐ.ഡി.സി മുന്നോട്ട് പോകുന്നില്ല. |

സെക്ഷൻ ഓഫീസർ